**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1013** **31-01-2024 - ൽ മറുപടിയ്ക്ക്**

**പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തി, മൈനർ ഇറിഗേഷൻ വകുപ്പിനെ നിർമ്മാണ ചുമതല ഏൽപ്പിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുബന്ധം 2 വാല്യം 2, സ.ഉ (സാധാ) നം.3311/2022/FIN തീയതി 30/04/2022 പ്രകാരം ഭേദഗതി വരുത്തി ക്രമ നമ്പർ 2915 ആയി ഉൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മാണത്തിനായി സർക്കാർ 4 കോടി രൂപ അടങ്കൽ തുകയായി വകയിരുത്തുകയും 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചെല്ലൻകാവ് ഏരിയുടെയും തോടിന്റെയും പുനർനിർമ്മാണ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി സ്ഥലം പരിശോധിച്ച് മണ്ണ് പര്യവേഷണം, സർവ്വെ എന്നിവയിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഐ.ഡി.ആർ.ബി, തിരുവനന്തപുരം കാര്യാല യത്തിലേയ്ക്ക് ഡിസൈൻ തയ്യാറാക്കുന്ന തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് എപ്പോൾ സമർപ്പിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ? | (ബി) | 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുബന്ധം 2 വാല്യം 2, സ.ഉ (സാധാ) നം.3311/2022/FIN തീയതി 30/04/2022 പ്രകാരം ഭേദഗതി വരുത്തി ക്രമ നമ്പർ 2915 ആയി ഉൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മാണത്തിനായി സർക്കാർ 4 കോടി രൂപ അടങ്കൽ തുകയായി വകയിരുത്തുകയും 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചെല്ലൻകാവ് ഏരിയുടെയും തോടിന്റെയും പുനർനിർമ്മാണ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി സ്ഥലം പരിശോധിച്ച് മണ്ണ് പര്യവേഷണം, സർവ്വെ എന്നിവയിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഐ.ഡി.ആർ.ബി, തിരുവനന്തപുരം കാര്യാല യത്തിലേയ്ക്ക് ഡിസൈൻ തയ്യാറാക്കുന്ന |

| | | | |
|---|---|---|---|
| | | | തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ